പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2877 **29-10-2026-ൽ മറുപടിയ്ക്ക്**

<u>സി.ആർ.ഐ.എഫ് പ്രവൃത്തി</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) അമ്പലപ്പാടി - പുറ്റേക്കാട് - മൂന്നിലംപാടം - പുല്ലിക്കടവ് - ചെറുവം - കല്ലംപാറ - വടക്കുമ്പാട് - മുരുകല്ലിങ്ങൽ - വട്ടപറമ്പ് - കടലുണ്ടിക്കടവ് റോഡിന്റെ സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (സി.ആർ.ഐ.എഫ്) പ്രവൃത്തിയുടെ നിലവിലത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> അമ്പലപ്പാടി - പുറ്റേക്കാട് - മൂന്നിലംപാടം - പുല്ലിക്കടവ് - ചെറുവം - കല്ലംപാറ - വടക്കുമ്പാട് - മുരുകല്ലിങ്ങൽ - വട്ടപ്പറമ്പ് - കടലുണ്ടിക്കടവ് റോഡിന്റെ സെൻട്രൽ **(<u>സി.ആർ.ഐ.എഫ്</u>)** റോഡിന് സി.ആർ.ഐ.എഫ്. ഫണ്ടിൽ നിന്ന് 16 കോടി രൂപയ്ക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കുകയും കേരള സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം. 1144/2026/PWD തീയതി 30.09.2026 പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് ദേശീയപാത വിഭാഗം സ്വീകരിച്ചുവരുന്നു.

(ബി) മുൻ സർക്കാർ തത്വത്തിൽ ഭരണാനുമതി നൽകിയ മീഞ്ചന്ത - അരീക്കാട് മേൽപ്പാല നിർമ്മാണ പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> മീഞ്ചന്ത – അരീക്കോട് മേൽപ്പാല നിർമ്മാണ പ്രവൃത്തിയുടെ Rehabilitation & Resettlement Package (RR) അംഗീകരിച്ചിട്ടുണ്ട്. എൽ.എ. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് 19(1) പ്രഖ്യാപനം നടത്തിക്കൊണ്ട് സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കുന്നതാണ്.

(സി) മുൻ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച ചെറുവണ്ണൂർ മേൽപ്പാല നിർമ്മാണ പ്രവൃത്തി എപ്പോഴാണ് പൂർത്തീകരിക്കുകയെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> ചെറുവണ്ണൂർ മേൽപ്പാല നിർമ്മാണത്തിന്റെ പൂർത്തീകരണ കാലാവധി 31.12.2026 വരെ ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അത് കെ.ആർ.എഫ്.ബി. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ